(ബി) മേൽപ്പറഞ്ഞ 16 പാടശേഖരങ്ങളിൽ അച്ചനേരി, കുട്ടൻകേരി പാടശേഖരത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. മുണ്ടുതോട്, പോളത്തുരുത്ത്, മുപ്പായിക്കേരി, മുട്ടുംപാട്, പാവടി പുറക്കേരി, ചെക്കോമക്കേരി എന്നീ പാടശേഖരങ്ങളുടെ ശേഷിക്കുന്ന ബണ്ട് പണി പുരോഗമിക്കുന്നു. കരിക്കമൺ-പുത്തൻനിലം വലിയകോയിത്തുരുത്ത് കരിപ്പോലിൻ കിഴക്കുവശം, എളവന്താനം-പള്ളിവാതുക്കൽ, പാടിശ്ശേരി പള്ളം എന്നീ അഞ്ച് പാടശേഖരങ്ങളുടെ ബണ്ട് പണി മാത്രം ആരംഭിച്ചിട്ടില്ല. ഈ സീസണിലെ വലിയ മഴ കഴിഞ്ഞാൽ പുനരാരംഭിക്കുന്നതാണ്. പ്രായത്തേരി-മണിയങ്കേരി, പാമ്പനം-വെള്ളൂർക്കരി, പോട്ടകളക്കാട്, കരിപ്പാടം, വെട്ടുപുതുക്കേരി എന്നീ 5 പാടശേഖരങ്ങളുടെ പണികൾ പുരോഗമിക്കുന്നു. ശേഷിക്കുന്ന കട്ടക്കുഴി തേവേരി പാടശേഖരത്തിലെ പണികൾ കൃഷിക്കാരുടെ താൽപ്പര്യമില്ലായ്മ മൂലം തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

മണ്ണു സംരക്ഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

75 [2939] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, ജോർജ് ജെ. മാത്യു:
,, എ. സുജനപാൽ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുസംരക്ഷണ വിഭാഗം ഇപ്പോൾ ഏതെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത്;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് മണ്ണുസംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്;

(സി) മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഗുണഭോക്താക്കൾക്ക് എന്തെല്ലാം ചെലവ് നിർവ്വഹിക്കേണ്ടതായി വരുന്നു;

(ഡി) മണ്ണുസംരക്ഷണം നടത്തിയ വകയിൽ ഗുണഭോക്താക്കളിൽനിന്നും എന്തു തുക പിരിഞ്ഞു കിട്ടുവാനുണ്ടെന്നു പറയാമോ?

ഉത്തരം

(എ) മണ്ണുസംരക്ഷണ വിഭാഗം നടപ്പു സാമ്പത്തിക വർഷം സംസ്ഥാനതല പദ്ധതികളായ നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണു-ജല സംരക്ഷണം (നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതി), മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, ജലവിതരണ പദ്ധതികളുടെ റിസർവോയറുകളു

LIBRARY ARCHIVES Kerala Legislative Assembly

മായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സംരക്ഷണ പദ്ധതി, മണ്ണുസംരക്ഷണ ഉദ്യോഗസ്ഥന്മാർക്കും പഞ്ചായത്തുതല വികസന ഉദ്യോഗസ്ഥന്മാർക്കുമുള്ള പരിശീലന പദ്ധതി എന്നിവയും കേന്ദ്രാവിഷ്കൃത പദ്ധതികളായ കബിനി നദീതട പദ്ധതിയും, ദേശീയ നീർമറി വികസന പദ്ധതിയുമായി ബന്ധപ്പെട്ട മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) തത്സ്ഥല ജലപരിപാലനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള മണ്ണു സംരക്ഷണ പ്രവർത്തനങ്ങളാണ് വാട്ടർ ഷെഡ്ഡുകളിൽ നടപ്പിലാക്കി വരുന്നത്. ഇതു കൂടാതെ കുളങ്ങളുടെ നിർമ്മാണവും അവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും മണ്ണുസംരക്ഷണ വിഭാഗം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(സി) ഓരോ പദ്ധതിയ്ക്കും സർക്കാർ അംഗീകരിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഗുണഭോക്തൃ വിഹിതം നിശ്ചയിക്കുന്നത്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ കബനീ നദീതട പദ്ധതിയിൻ കീഴിൽ ലോൺ ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്നും 84.11191 ലക്ഷം രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്.

സോയിൽ സർവ്വെ

76 [2940] ശ്രീ. എ. സുജനപാൽ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ടി. എൻ. പ്രതാപൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോയിൽ സർവ്വെ എവിടെയെല്ലാം പൂർത്തിയായിട്ടുണ്ട്;

(ബി) സോയിൽ സർവ്വെ പൂർത്തിയായ സ്ഥലങ്ങളുടെ സോയിൽ മാപ്പ് ഉണ്ടാക്കിയിട്ടുണ്ടോ;

(സി) മാപ്പിലെ വിവരങ്ങൾ കർഷകർക്ക് എപ്രകാരം കൊടുക്കാമെന്നാണ് കരുതുന്നത്;

(ഡി) സോയിൽ മാപ്പിൽ പറഞ്ഞപ്രകാരമുള്ള കൃഷികൾ ബന്ധപ്പെട്ട സ്ഥലങ്ങളിൽ ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly